(സി) 2012-13-ൽ നിറവ് പദ്ധതിക്കായി തെരഞ്ഞെടുത്ത കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ 48.94 ലക്ഷം രൂപയുടെ പദ്ധതികൾ ആർ.കെ.വി.വൈ.-യിൽ അംഗീകരിച്ച് നൽകുകയുണ്ടായി. 2013-14-ൽ മങ്കട, കൊണ്ടോട്ടി, തിരൂരങ്ങാടി, വണ്ടൂർ, നിലമ്പൂർ, വേങ്ങര, പെരിന്തൽമണ്ണ, പൊന്നാനി എന്നീ മണ്ഡലങ്ങളും 2014-15-ൽ ഏറനാട്, വള്ളിക്കുന്ന്, താനൂർ, തിരൂർ, തവന്നൂർ എന്നീ നിയോജക മണ്ഡലങ്ങളും നിറവ് പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. നിറവ് പദ്ധതിക്കായി ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. എന്നാൽ കൃഷി വകുപ്പിന്റെ എല്ലാ സംസ്ഥാനാവിഷ്കൃത പദ്ധതികളും ഈ നിയോജക മണ്ഡലങ്ങളിലെ കാർഷിക രംഗത്തെ സമഗ്ര വികസനം ലക്ഷ്യമാക്കി നടപ്പിലാക്കിയിട്ടുണ്ട്.

അഗ്രികാർഡ് വിതരണം

174 (1549) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രജിസ്ട്രേഷൻ പൂർത്തീകരിച്ച കർഷകർക്ക് അഗ്രികാർഡ് നൽകുന്നതാണെന്ന 2014-15-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര പേർക്കാണ് അഗ്രി കാർഡ് വിതരണം പൂർത്തിയാക്കിയിട്ടുള്ളത് എന്നറിയിക്കാമോ;

(സി) അഗ്രി കാർഡ് മുഖേന കർഷകർക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(ബി) 9-5-2014-ലെ സ.ഉ.(സാധാ.) നമ്പർ 854/2014/കൃഷി പ്രകാരം അഗ്രികാർഡ് വിതരണം ചെയ്യുന്നതിനുള്ള നോഡൽ ബാങ്കായി കാനറാ ബാങ്കിനെ തെരഞ്ഞെടുത്തു. കർഷക ഡേറ്റാബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ കർഷകർക്കും 2014-15 സാമ്പത്തിക വർഷത്തിലെ കർഷക ദിനമായ ചിങ്ങം 1-ന് മുമ്പ് അഗ്രികാർഡുകൾ വിതരണം ചെയ്യുവാനായി കാനറാ ബാങ്കിന് നിർദ്ദേശം നൽകിയിരുന്നു. എങ്കിലും ഉദ്ഘാടന ദിവസമായ 4-3-2014-ന് 6 കർഷകർക്ക് മാത്രമേ അഗ്രികാർഡ് വിതരണം ചെയ്തിട്ടുള്ളൂ. അതിനുശേഷം കാനറാ ബാങ്ക് അഗ്രികാർഡ് വിതരണം ചെയ്തിട്ടില്ല. തുടർന്ന് 13-8-2015-ലെ സ.ഉ.(സാധാ.)

LIBRARY ARCHIVES Kerala Legislative Assembly

നമ്പർ 1389/2015/കൃഷി പ്രകാരം അഗ്രികാർഡ് വിതരണം ചെയ്യുന്നതിനുള്ള നോഡൽ ബാങ്കായി കേരളാ ഗ്രാമീൺ ബാങ്കിനെ തെരഞ്ഞെടുത്തു. കേരളാ ഗ്രാമീൺ ബാങ്ക് മുഖേന ഇതുവരെ 380 അഗ്രികാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) അഗ്രികാർഡുകൾ അടിസ്ഥാന രേഖയാക്കി താഴെപ്പറയുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്:

- കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും മറ്റ് സഹായങ്ങളും.
- ബാങ്കുകളിൽ നിന്നും 4.1 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ (Crop Loan)
- 7% പലിശ നിരക്കിൽ മദ്ധ്യകാല ദീർഘകാല വായ്പകൾ. ഇതിന്റെ 50 ശതമാനം പലിശ സബ്സിഡി സർക്കാരാണ് നൽകുന്നത്.

നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

175 (1550) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) വായ്പയെടുത്ത് കൃഷി ചെയ്ത് ഉൽപ്പാദിപ്പിക്കുന്ന നെല്ല് സർക്കാർ ഏജൻസികൾ യഥാസമയം ശേഖരിക്കാത്തതും തുക നൽകാത്തതുമായ സ്ഥിതി വിശേഷം നെൽ കർഷകർക്കുണ്ടാക്കുന്ന ഗുരുതര സാമ്പത്തിക പ്രശ്നം പരിഹരിക്കാൻ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഉദ്യോഗസ്ഥ തലത്തിൽ നെൽകർഷകരോട് കാട്ടുന്നതായി പറയപ്പെടുന്ന അവഗണന അവസാനിപ്പിക്കാൻ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly